

# DRIZZLING THOUGHTS

*DDSHS Karimpadam*

# DDSHS
# Karimpadam



# ആശംസകൾ



**സാങ്കേതിക മികവോടെ നമ്മുടെ ലിറ്റിൽ കൈറ്റ്സ്  ഒരുക്കുന്ന ഡിജിറ്റൽ മാഗസിൻ  “Drizzling Thoughts” -ന് എല്ലാ ഭാവുകങ്ങളും  നേരുന്നു.....**

# വിരമിക്കുന്നവർ



ബി. മിഞ്ചു
പ്രധാനഅദ്ധ്യാപിക

ശ്രീമതി പി.എസ്. മിനി
UP ST

# എഡിറ്റോറിയൽ

പൂത്തും തളിർത്തും സർഗ്ഗ ഭാവനകളുടെ വസന്തകാലം
മനവാനുള്ളകാലം എന്നുമുണ്ടാകും .മായ്ക്കപ്പെടുന്ന
മഷിപ്പടർപ്പുകളിലൂടെയല്ല സാങ്കേതികതയുടെ
നവനിർമിതികളിലൂടെ ചിരഞ്ജീവിത്വമാകുന്ന അതിന്റെ
മുഖ മുദ്ര .വിദ്യാലയത്തിലെ ലിറ്റിൽ  കൈറ്റ്സ്
രൂപപ്പെടുത്തിയ "Drizzling Thoughts”
വിദ്യാർത്ഥികളുടെ സർഗ്ഗചേതനകളെ തൊട്ടെടുക്കുന്ന
അപൂർവ്വതയാണ് കാലം വിരിച്ചെടുക്കുന്ന ചില
സാക്ഷ്യങ്ങളുണ്ട്. ആ സാക്ഷ്യങ്ങളിലൊന്നായി ഇത്
പരിണമിക്കട്ടെ .ഇത് കാലം ഓർത്തുവെയ്ക്കാനും ചില
ചില്ലകളിൽ കാത്തുവയ്ക്കാനും ഇതിന്റെ താളുകൾ ഒരു
നിമിത്തമാകുമെങ്കിൽ പ്രാർത്ഥന സഫലം........

***DDSHS Karimpadam***

# സന്ദേശം

സ്വപ്നം കാണുക ,

ആ സ്വപ്നങ്ങളെക്കുറിച്ച്

ചിന്തിക്കുക

ആ ചിന്തകളെ

പ്രവർത്തിയിലൂടെ

സഫലമാക്കുക

*-Abdul Kalam*

*DDSHS Karimpadam*

# Editorial Board

## ചീഫ്-എഡിറ്റർ



Ansan.K.Antony

## സബ്-എഡിറ്റർ



Aravind.M.S

# അണിയറയിൽ...............



DDSHS Karimpadam

# Editorial Board

*Editor-Ansan.k.Antony*

*Sub Editor-Aravind.M.S*

*Editorial Board members*

*Azim v k*

*Reyhana Rehman*

*Ansiya Roy*

*Joepaul Jube*

*Lakshmi Manu*

*Staff members*

*Sajitha V S*

*Arunima M A*

*Sudarsanan M R*

*Hema P K*

*Remya sasidharan*

# CONTENT


1.Cover Page
2 .school photo
3 .ആശംസ
4 .Editorial
5.സന്ദേശം
6.Editorial Board
7.അണിയറയിൽ
8.Editorial Board
9.വിരമിക്കുന്നവർ
10.Content index
11.നവീകരിച്ച ലൈബ്രറി
12.ലൈബ്രറി പ്രവർത്തനങ്ങൾ
13.നിറയില
14.വർണം 2020
15.അമ്മ
16.ഭ്രാന്തൻ
17.ലഹരി വാഴുന്ന വിദ്യാലയം

18. ഒരു കൈത്താങ്ങ്

19. എന്റെ പൂന്തോട്ടം

20. അവിസ്മരണീയ നേട്ടങ്ങളിലൂടെ

21. Clubs
22. Comic
23. Arabi
24. Hindi
25. Pictures
26. Gandhiji
27. Sanskrit
28. Picture
29. Teacher's corner
30. നന്ദി

# നവീകരിച്ച ലൈബ്രറി ഉദ്ഘാടനം



വിദ്യാലയത്തിലെ നവീകരിച്ച ലൈബ്രറി ഉദ്ഘാടനം ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി ശ്രീ എം ആർ സുരേന്ദ്രൻ നിർവഹിച്ച

*DDSHS Karimpadam*

# ലൈബ്രറി പ്രവർത്തനങ്ങളിൽ ലിറ്റൽ കൈറ്റ്സ്






# നിറയില




## സ്കൂൾ ലൈബ്രറി തയ്യാറാക്കിയ ദ്വൈമാസ വാർത്താപത്രിക "നിറയില" യുടെ പ്രകാശനം പി ടി എ പ്രസിഡന്റ് ശ്രീ സി ആർ ഉണ്ണികൃഷ്ണൻ നിർവഹിച്ചു

*DDSHS Karimpadam*

# വർണ്ണം 2020



*ഈ വിദ്യാലയത്തിന്റെ അകച്ചുവരുകളിൽ ഇവിടെത്തെ കുരുന്നുകൾ കോറിയിട്ട രചനകൾ ,അവരുടെ സർഗ്ഗഭാവനയുടെ വളപ്പൊട്ടുകൾ ചേർത്തടക്കി പുറംലോകത്തിനു സമ്മാനിച്ച ചിത്രപ്രദർശനം "വർണ്ണം 2020". ചിത്രകാരൻ ശ്രീ ശശി സാറിന്റെ ഉദ്ഘാടനം കൊണ്ടും , കുരുന്നുകളുടെ സർഗ്ഗഭാവന വളർത്തിക്കൊണ്ടും എന്നും ഒളിമങ്ങാത്ത മനോഹര ദൃശ്യ വിരുന്നൊരുക്കി* ***വർണ്ണം 2020.***

***DDSHS Karimpadam***

# അമ്മ

പതിവ്പോലെ  അമ്മയെ മനസിൽ കണ്ടാണ് അവൻ ഉറങ്ങാൻ കിടന്നത്. എട്ട് വയസുള്ളപ്പോൾ അമ്മയെ അവന് നഷ്ടമായി . അച്ഛൻ്റ മദ്യപാനം അവനെ തളർത്തിയിരുന്നു. ആ സമയങ്ങളിൽ അമ്മയെ ഓർത്തു അവൻ തേങ്ങും .

രണ്ടാനമ്മ ക്രൂരയാണ്. അവർ പലപ്പോഴും അവനെ കൊണ്ട് കഠിന ജോലികൾ ചെയ്യിക്കുമായിരുന്നു . എതിർത്താൽ അന്ന് അവൻ പട്ടിണിയാകും. അതുകൊണ്ട് രണ്ടാനമ്മ എന്ത് പറഞ്ഞാലും അവൻ ചെയ്യാതെ വേറെ നിവർത്തിയില്ല

അമ്മയായിരുന്നു എല്ലാം . 'അമ്മ പഠിപ്പിച്ച കാര്യങ്ങൾ ഉരുവിടുമ്പോൾ 'അമ്മ അടുത്തുള്ളതായി അനുഭവപ്പെടും . രണ്ടാനമ്മയുടെ അവഗണന കൂടുമ്പോൾ അമ്മ ഉണ്ടായിരുന്നെങ്കിൽ ....
എന്ന് ഓർക്കാറുണ്ട് . എന്നാൽ അത് സാധ്യമാവില്ലല്ലോ എന്ന നിരാശമാത്രം . അമ്മയുടെ ആഗ്രഹം നന്നായി പഠിക്കണമെന്നായിരുന്നു. നാളിത്രയായിട്ടും അതിന് മുടക്കം മുടക്കം വരുത്തിയിട്ടില്ല . ഇനി മുടക്കുകയുമില്ല . ഉയരങ്ങളിൽ എത്തിപ്പെടാൻ ശ്രമിക്കുമ്പോൾ പലപ്പോഴും വഴുതി വീഴാറുണ്ട് ,എന്നാൽ ആരോ പിടിച്ച നിർത്തുന്നതുപോലെ ...... അമ്മയാകാം .

ഒരു വെള്ളിവെളിച്ചം മുഖത്ത് തട്ടിയപ്പോൾ അവൻ ഓർമകളിൽ നന്ന് ഉണർന്നു . ജനല്പാളിയിലൂടെ നോക്കിയപ്പോൾ അവൻ അത്ഭുതപെട്ടു . അകാശത്ത് രക്തങ്ങൾ പതിച്ചതുപോലെ നക്ഷത്രങ്ങൾ ചിത്താറികിടക്കുന്നു. അതിൽ ഓരണ്ണം അവനെ നോക്കി പുഞ്ചിരിക്കുന്നതുപോലെ .........ആ പുചിരിയിലലിഞ്ഞ് അവൻ മെല്ലെ ഉറക്കത്തിലേക്ക് വഴുതി.

*DDSHS Karimpadam*

# ഭ്രാന്തൻ

ഒരു ദിവസമെന്നെത്തേടി മറ്റൊരു "ഭ്രാന്തൻ " എന്നു നടിക്കുന്നവനെത്തി .മുഖം കണ്ടാലറിയാം ശുദ്ധപാവം .എന്റെ യാത്രകളിൽ അവനുകൂടി പങ്കാളിയാവണമത്രേ ! മരമണ്ടൻ !ഏകാകിയായുള്ള യാത്രയുടെ സുഖം അവനെങ്ങനെയറിയാം .എന്തായാലും അവനെയൊന്നു പരീക്ഷിക്കാൻ തന്നെ ഞാനുറച്ചു .ഞാനെവിടെപ്പോയാലും അവനെകൂടെ കൊണ്ടുപോകണമെന്ന് .ആവട്ടെ,പക്ഷെ ഞാൻ ചെയ്യുന്നതെല്ലാം അതേപടി ചെയ്യണം .

സമ്മതമാണോ?സമ്മതം.

ഞാനവനെയാദ്യം കൂട്ടികൊണ്ട്പോയത് ഒരു കുളക്കടവിലേക്കാണ് .അവിടെ നിന്ന് രണ്ട് മീനെപിടിച്ച് പച്ചയോടെ ഞാൻ ചവച്ചരച്ചു തിന്നു .ആ പുള്ളിക്കാരന്റെ അറപ്പുള്ള ഭാവം കണ്ട് എനിക്ക് ചിരിപൊട്ടി .ഹ ...ഹ...ഹാ ! ആദ്യപരീക്ഷണത്തിൽ തോറ്റിരിക്കുന്നു .ഒന്നുകൂടി പരീക്ഷിച്ചുകളയാം .ഞാനൊരൊറ്റ ഓട്ടം വച്ചുകൊടുത്തു. അവന്റെ പിന്നാലെയോടി .ഓടിയോടി ചെന്നുകയറിയത് ഒരു കൊല്ലന്റെ വീട്ടിൽ. വല്ലാത്ത ദാഹം .ജീവജലത്തിനായി ചോദിച്ചപ്പോൾ അവനും ഭാര്യയ്ക്കുമുള്ള വെള്ളമേയുള്ളുവെന്ന് .ആയിക്കോട്ടെ ,അവിടെ പഴുത്ത ലോഹം ഉരുകിയൊലിക്കുന്നുണ്ടായിരുന്നു .അതൊരു കൈക്കുമ്പിൾ കോരിക്കുടിച്ചു. അടുത്തിരുന്നവൻ ഭയത്തിനടിമപെട്ടെരിക്കുന്നു .അവനെ അകക്കാമ്പ് വാടിപോകുമെന്ന്. എന്റെ പരീക്ഷണങ്ങളിൽ നീ തോറ്റിരിക്കുന്നു .ഞാനവനോടുപറഞ്ഞു .ഒരാൾ ചെയ്യുന്നപോലെ മറ്റൊരാൾ ചെയ്താൽ അവൻ ജഗദീശ്വരന്റെ തിരുസന്നിധിയിലെത്തുമെന്നാരുപറഞ്ഞു .ആചാരങ്ങളും അനുഷ്ഠാനങ്ങളും ഒരുവന് മുക്തി നൽകുകയില്ല .ഞാനെന്ന ഭാവത്താലുള്ള ഭ്രാന്തിൽ നിന്നകലാൻ ഏകാകിയായ പരമാത്മാവിലേക്കുള്ള യാത്ര തന്നെ ശരണം .

*jodikha*

***DDSHS Karimpadam***

# ലഹരി വാഴുന്ന വിദ്യാലയങ്ങൾ

ലഹരി,മയക്കുമരുന്ന് ഒരു വലിയ സാമൂഹിക വിപത്താണ് .ഈയൊരു വിപത്ത് മുതിർന്നവരിൽ നിന്നും കുട്ടികളിലേക്കും പടരുന്ന ഒരു കാഴ്ചയാണ് കുറച്ചു കാലങ്ങളായി കണ്ടുവരുന്നത്.വൻകിട ലഹരി മാഫിയകൾ ഇപ്പോൾ സ്കൂളുകൾ കേന്ദ്രീകരിച്ചും പ്രവർത്തിച്ചു തുടങ്ങിയിരിക്കുന്നു. കളിയും ചിരിയും പഠനവുമായി വളർന്ന് ഈ രാജ്യത്തിൻറെ ഭരണചക്രം പോലും തിരിക്കേണ്ട കുഞ്ഞുങ്ങൾ ലഹരിയും മദ്യവും കഴിച്ച് നിരുത്സാഹവാന്മാരായി തീരുകയാണ്.

വൻകിട മുതലാളിമാർ അവരുടെ കൊള്ള ലാഭത്തിനുവേണ്ടി കുഞ്ഞുങ്ങളെ കരുവാകുകയാണ്. സ്കൂളിനടുത്തുള്ള കടയിൽ ചില്ലുഭരണിയിലെ വർണാഭമായ മിഠായി കഴിച്ചു തുടങ്ങുന്ന കുഞ്ഞ് അതിന്റെ സ്വാദിൽ മയങ്ങി വീണ്ടും വീണ്ടും വാങ്ങികഴിക്കുന്നു .പിന്നീട് തിരിച്ചുവരാൻ കഴിയാത്തവിധം അവരതിൽ വീണുപോകുന്നു .കുറച്ചുകഴിയുമ്പോൾ അവർ മിഠായികൾ ഉപേക്ഷിച്ച് കഞ്ചാവും ഹെറോയിനും പോലുള്ള മാരകമായ ലഹരി വസ്തുകളിലേക്ക് തിരിയും ഒരു പക്ഷെ ഇതെല്ലാം മുതിർന്നവർ അറിഞ്ഞ് തിരുത്താൻ തുടങ്ങുമ്പോഴേക്കും അവർക്ക് അവരുടെ ശോഭനമായ ഭാവി നഷ്ടമായിരിക്കും 15 വയസുപോലും തികയാത്ത കുട്ടി മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നത് അവന്റെ സ്വന്തം പ്രേരണ കൊണ്ടല്ല മറിച്ച് തന്റെ കൂട്ടുകാരുടെ മുന്നിൽ തനിക്കും ഇങ്ങനെയൊക്കെ കഴിയും എന്നു കാണിക്കുന്നതിനു വേണ്ടിയോ അല്ലെങ്കിൽ സ്വന്തം മാതാപിതാക്കളെക്കണ്ട് ശീലിക്കുന്നതോ ആണ് .ഒരു കുട്ടി ഇത്തരം വസ്തുക്കൾ ഉപയോഗിക്കുമ്പോൾ പറഞ്ഞു തിരുത്തേണ്ടത് മുതിർന്നവരാണ് .പക്ഷെ അവരും ഇത്തരം വസ്തുക്കളിൽ ആസക്തിയുള്ളവരാണെങ്കിൽ ....?

ലഹരിയുടെ ഉപയോഗം നമ്മെ കർമ്മവിമുഖരാക്കും ,അത് കർമം ചെയ്യാൻ നമ്മെ അനുവദിക്കുകയില്ല .അത്തരത്തിൽ കർമ്മ വിമുഖരായ ഒരു തലമുറക്ക് ഒരിക്കലും ഒരു രാജ്യത്തെ ലോകത്തിനുമുന്നിൽ വൻശക്തിയാക്കി മാറാൻ കഴിയില്ല .അതിനുള്ള പ്രവർത്തനങ്ങൾ നമുക്ക് വിദ്യാഭ്യാസഘട്ടത്തിലേതുടങ്ങണം എന്തും തള്ളാനും കോള്ളാനും പറ്റുന്ന വിദ്യഭ്യാസ ഘട്ടത്തിൽ തന്നെ ലഹരി വിപത്താണെന്നും അതുപയോഗിച്ചാൽ ഉണ്ടാകുന്ന ദോഷങ്ങളെപറ്റിയും ബോധവാന്മാരാക്കണം ഇത്തരം വസ്തുക്കൾ ഒരു കുട്ടി ഉപയോഗിക്കുന്നുണ്ടോ ഇല്ലയോ എന്നെല്ലാം രെക്ഷിതാക്കളും അദ്ധ്യാപകരും ഉറപ്പാകണം .ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നവർക്കു വികാരം ഉണ്ടാകുകയില്ല ,ഇത്തരത്തിലുള്ള വസ്തുക്കൾ വാങ്ങാൻ കുട്ടികൾ പലപേരുകൾ പറഞ്ഞ് രക്ഷിതാക്കളുടെ പക്കൽ നിന്നും പണം വാങ്ങാൻ ശ്രമിക്കും രക്ഷിതാക്കൾ അതിനു തയ്യാറാകാതെ വരുമ്പോൾ അവർ മോഷണത്തിലേക്കും പിന്നീട് കൊലപാതകങ്ങളിലേക്കും കടക്കുന്നു .ഇങ്ങനെ ഇത്തരം വസ്തുക്കൾ ഉപയോഗിച്ച് നശിച്ചുപോയ ഒരുപാട് ഉദാഹരണങ്ങൾ നമുക്ക് ചുറ്റും നാം കണ്ടിട്ടുണ്ട് ,നാളത്തെ പൗരന്മാരെ രക്ഷിക്കേണ്ടത് നമ്മുടെ ആവശ്യമാണെന്ന് കരുതി നമുക്ക് ഒന്നായ പോരാടണം-ലഹരിക്കെതിരെ......

*DDSHS Karimpadam*

# ഒരു കൈത്താങ്ങ്



പ്രളയാനന്തരം നവീകരണ

പ്രവർത്തനങ്ങൾക്ക് സഹായവുമായി

നമ്മുടെ വിദ്യാലയത്തിലെ പി.ടി.എ. &

സ്റ്റാഫ് അംഗങ്ങൾ കുട്ടിമല ബദൽ സ്കൂളിൽ

എത്തിയപ്പോൾ

*DDSHS Karimpadam*

# എന്റെ പൂന്തോട്ടം

എന്റെ സ്വന്തം പൂന്തോട്ടം
ചന്തമാർന്നൊരു പൂന്തോട്ടം
അഴകിൽ മുങ്ങിയ പൂന്തോട്ടം
പല പല വർണ്ണ പൂന്തോട്ടം
പൂന്തേൻ നുകരും പൂമ്പാറ്റകളും
മൂളി പറക്കും തേൻ വണ്ടികളും
സുന്ദരമായൊരു പൂന്തോട്ടം
മഴവില്ല് വിരിച്ചൊരു പൂന്തോട്ടം
സുഗന്ധം പരന്നൊരു പൂന്തോട്ടം
എല്ലാം ചേർന്നൊരു പൂന്തോട്ടം



***DDSHS Karimpadam***

# അവിസ്മരണീയ നേട്ടങ്ങളിലൂടെ



***DDSHS Karimpadam***



Cubs Unit





Guides







*Junior Red Cross*




*DDSHS Karimpadam*

# كيرالا

كَيْرَالاَ وِلاَيَةٌ جَمِيلَةٌ طَبِيعَتُهَا
جَذَّابَةٌ أَشْجَارُ مَنَاظِرُهَا مُمْتِعَةٌ. وَغَابَةٌ
مَلِيئَةٌ بِالأَشْجَارِ وَالنَّبَاتَاتِ. أَشْجَارٌ مُزَيَّنَةٌ
بِالْفَوَاكِهِ وَالأَزْهَارِ فِيهَا بَحْرٌ وَالنَّهْرُ وَبُحَيْرَاتٌ
ذَاتُ الأَسْمَاكِ كَثِيرَةٍ. فِيهَا جِبَالٌ مُرْتَفِعَةٌ
مُزَيَّنَةٌ بِشُجَيْرَاتِ الشَّايِ. كَيْرَالا تَمِنِيَّةٌ
يَأْتِي السُّيَّاحُ السَّوَاحِلِ كَيْرَالا لِيَتَنَزَّهُوا وَتَرَفُّهِ.
الطَّقْسُ كَيْرَالاَ طَيِّبٌ وَمُنَاسِبٌ لِلزِّرَاعَةِ،
أَهَمُّ أَعْيَادُ كَيْرَالا عِيدُ، أُونَمْ. وَعِيدُ الْمِيلَادُ
عِيسَى، عِيدُ الأَضْحَى. نَرَى فِي كَيْرَالا أَهْلُ
وَالْهُنُودُ فِي كَيْرَالا يَسْكُنُ النَّاسُ أَحِبَّاءَ
مَعَ اخْتِلَافٍ فِي أَدْيَانِهِمْ. الْمُسْلِمُونَ، وَالْهِنْدُ
وكِيُونَ، وَالنَّصَارَى يَعِيشُونَ إِخْوَانًا، مَعَ الْهَوَ-
دَّةِ وَمَحَبَّةٍ. تَقَعُ الْمَعَابِدُ وَالْكَنَائِسُ بِجِوَارِ
الْمَسَاجِدِ. أَنْعَمَ اللهُ عَلَى هَذَا الْبَلَدُ بِنِعْمَةِ
الْوَافِرَةِ، وَأَعْطَى كُلَّ شَيْئٍ مَا يَحْتَاجُ لِعَيْشَةِ
وَنَحْنُ لاَ نَقْتَدِرُ عَلَى إِحْصَائِهَا.

DDSHS Karimpadam

# पेड़ और पेड़ काटनेवाला

बहुत समय पहले कि बात थि, दूर एक गाँव में एक पेड़ काटनेवाला रहता था। उसे कोई पसंद नहीं था। वह सबकि ओर, बिना किसि वजह के दुशमनि लगाता था। उसको पेड़ काटने का बहुत बड़ा शौक था। चाहे जहाँ भी उसे अच्छे पेड़ दिखते, उसे वह काट लेता, वह चाहे किसि का भि हो।

एक दिन वह नदी के किनारे चल रहा था। तब उसने अचानक एक गुलमोहर का पेड़ देखा, जो एक घर के आँगन में बसा था। उसनें उसि क्षण उस पेड़ को काटने का निश्चय किया। उसने बहुत साहसिकता से उस घर की ऊँची गेट से, आँगन के अंदर गया। उसने देखा कि घर पर कोई नहीं था। उसके लिए काम और भी आसान हो गया।

वह पेड़ की ओर गया। वह गुलमोहर का पेड़ हरे-हरे पत्तों के साथ, बहुत शांती से वहाँ खड़ा है। उस पर बहुत सारे जानवर वास करते थे। उस घर कि केंद्र आकरषण हि वह गुलमोहर का पेड़ था। पेड़ काटनेवाला इस [illegible] देखे बिना पेड़ काटने लगा।

तब जैसे कहानि में हो, वैसे पेड़ को मनुष्य के हाथ, पैर और चहरा मिल गए। पेड़ ने पेड़ काटनेवाले को दखेल दिया। वह बहुत आशचर्य हो गया। पेड़ ने उससे पूछा "आप मेरे शरीर को क्यों काट रहे हो?"

पेड़ काटनेवाला - "ताकी मैं तुम्हे बेचकर पैसा कमा सकूँ।


पेड़ - "मेरे अंदर बहुत सारे प्राणी बसते हैं, अगर तुम मुझे काटते हो, तो उन के लिए बहुत मुशकिल हो ~~जाएगि~~ जाएगी।

पेड़ काटनेवाला : उस से मुझे कुछ नहीं, मुझे बस अपने से मतलब है।


यह कहकर पेड़ काटनेवाला, पेड़ काटना शुरु करता है। पेड़ को गुस्सा आता है, और वह अपने डालियों से पेड़ काटनेवाले को उठाकर जमीन पर फैंक देता है। पेड़ काटनेवाला बहुत मुशकिल से पेड़ की ओर जाकर, उसकी छाया मैं बैठता है।

पेड़ उससे कहता है, "बेठे तुम्हें सबसे दुशमनि जगाकर क्या हासिल होगा? हम इस विश्व पर कुछ हि समय जीते हैं, और उस समय को हमें मनोहर बनाना चाहिए। सबकि मदद करो न कि उपद्रव। पेड़ काटनेवाला वहाँ से चला गया। घर पहुँचकर उसने पेड़ कि बातों की बातों को सोचा। उसे अपने गलतियों का एहसास हुआ। उसने अब से वह अच्छा इनसान बनने का फैसला किया। पिछले दिन से वह सब से माफी माँगने लगा और सबकी मदद करने लगा। पेड़ के उस र से [illegible] जिंदगी में एक नई राह आ गई।

DDSHS Karimpadam



DEVIKA T.S
IX.D



*DDSHS Karimpadam*

# दास्याः सुखनिद्रा

कस्मिंश्चित् राज्ये काचित् राज्ञी आसीत्। तस्याः एका दासी आसीत्। सा प्रतिदिनं राज्ञ्याः शय्यारचनां करोति स्म।

उष्णकालः। एकदा दासी शय्यारचनां कुर्वती आसीत्। अत्युष्णेन नितरां पीडिता सा किञ्चित् समयं शय्यायां विश्रान्तिम् अकरोत्। श्रान्त्या पीडिता सा निद्रां प्राप्तवती। तावता राज्ञी तत्र आगतवती। राजशय्यायां सुखनिद्रां कुर्वतीं दासीं दृष्ट्वा सा क्रुद्धा जाता। सा कशया दासीं ताडयितुम् आरब्धवती। दासी निश्शब्दम् अरुदत्। अनुक्षणं तस्याः भावः परिवर्तितः। सा उच्चैः हसितुम् आरभत।




दास्याः भाववैचित्र्यं दृष्ट्वा

DDSHS Karimpadam

राज्ञी आश्चर्यचकिता जाता।
सा दासी कारणम् अपृच्छत् ।
तदा दासी हसन्ती अवदत्-
"आर्ये! अहम् अस्यां शय्यायां
काश्चन निमेषान् एव शयितवती।
तावता अहं बहु ताडनं प्राप्तवती।
भवती तु प्रतिदिनं अत्रैव शेते।
तर्हि भवती तु कति ताडनानि
प्राप्नुयात्? इति विचिन्त्य अहं
हसितवती। भवती तु भविष्यत्काले
प्राप्स्यमानपीडां विस्मृत्य एव
माम् अताडयत्" इति। एतत्
श्रुत्वा राज्ञी स्तब्धा अभवत्।

-अञ्जना .सी. अजी
नवमी . इ



## Teacher's corner വായന തന്ത്രങ്ങൾ !

വായിച്ച പുസ്തകങ്ങളെക്കുറിച്ച് ചെറിയ കുറിപ്പുകൾ എഴുതി സൂക്ഷിക്കാം .പിൽക്കാലത്ത് ഏറ്റു വലിയ ഗുണം ചെയ്യും.അത് ഓടിച്ചുവായിച്ചാൽ പുസ്തകം ഒരാവർത്തി കൂടി വായിച്ച ഫലം കിട്ടും ഒരു നോട്ടുബുക്ക് ഇതിനുവേണ്ടി കരുതാം യാത്രകളിലും മറ്റും പുസ്തകങ്ങൾ കൂടെ കരുതുക എവിടെയെങ്കിലും കാത്തിരിക്കേണ്ടി വന്നാൽ മടിക്കേണ്ട. പുസ്തകം തുറക്കാം .വെറുതെ സമയം പാഴാകുന്നതിനു പകരം മനസിനു നല്ലൊരു വ്യായാമമാകും അത്. കാത്തിരുന്നു മുഷിയുകയും വേണ്ട തീർക്കാനായി മാത്രം താളുകൾ മറിച്ചുതള്ളുന്നതിൽ കാര്യമില്ല .എത്ര ശ്രമിച്ചിട്ടും ഒട്ടും പിടികിട്ടാത്ത പുസ്തകം തൽക്കാലം മാറ്റിവെക്കാൻ മടിക്കേണ്ട . അറിവും ആനന്ദവും തരാൻ കെൽപ്പുള്ള വേറെ പുസ്തകങ്ങൾ നമ്മളെ കാത്തിരിക്കുന്നുണ്ട് സാഹിത്യേതര പുസ്തകങ്ങൾ വായിക്കുമ്പോൾ മൊത്തത്തിൽ ഒന്ന് ഓടിച്ച് നോക്കുന്നത് ഗുണം ചെയ്യും . പ്രധാന ആശയങ്ങളുമായി പരിചയപ്പെടാൻ ഇതൊരു നല്ല വഴിയാണ് . വാക്കുകൾ മനസ്സിൽ പറഞ്ഞുകൊണ്ട് ഒരിക്കലും വായിക്കരുത് . അപ്പോൾ നമ്മൾ സംസാരിക്കുന്നതിന്റെവേഗമേ വായനയ്ക്കും കിട്ടൂ . വാക്കുകൾ പെറുകി വായിക്കുന്ന ശീലം നിർത്തുക .വായന ഒച്ചിഴയും പോലെയാകാനുള്ള പ്രധാനകാരണം ഇതാണ് .വാചകങ്ങൾ വേണം മനസ്സിൽ പതിയാൻ .ഒരു വാചകത്തിന്റെ തുടക്കത്തിലെ മൂന്നോ നാലോ വാക്കുകൾ കഴിഞ്ഞുള്ള വക്കിലാവണം നോട്ടം പതിയേണ്ടത്.അപ്പോൾ ആദ്യത്തെ വാക്കുകളും അതിന്റെ കൂടെ മനസ്സിൽ പതിഞ്ഞോളും . പേനയോ പെൻസിലോ കയ്യിൽ പിടിച്ചുവേണം വായിക്കാൻ .ചടാ പടാ വായിക്കാൻ ഇതിലും നല്ലൊരു തന്ത്രമില്ല .വിരലോടിച്ച് വായിച്ചാലും ഇതേ ഫലം കിട്ടും പേനത്തുമ്പിനോടൊപ്പം നീങ്ങട്ടെ കണ്ണുകൾ .ഉറക്കെ വായിക്കുന്ന ശീലം അത്ര നല്ലതല്ല . ഊർജ്ജം നഷ്ടമാകുന്നതല്ലാതെ ഇതുകൊണ്ട് കാര്യമായ ഗുണമൊന്നുമില്ല . പെട്ടെന്നു ക്ഷീണിക്കും . വായനാവേഗം കുറവായിരിക്കും .

*DDSHS Karimpadam*

# അണക്കട്ടും തകരുന്ന ആവാസവ്യവസ്ഥയും

**Teachers Corner**

അണക്കെട്ടുകൾ കടലിന്റെ സ്വാഭാവിക ആവാസവ്യവസ്ഥയെ തകർക്കുന്നതായി ജർമനിയിലെ ഹാംബർഗ്  യൂണിവേഴ്സിറ്റി ഗവേഷകർ പഠനത്തിലൂടെ കണ്ടെത്തിയിരിക്കുന്നു .ഓസ്ട്രിയ ബൾഗേറിയ ഹംഗറി സ്ലോവാക്യ മുതലായ യൂറോപ്യൻ രാജ്യങ്ങളിലൂടെ ഒഴുകുന്ന ഡാന്യൂബ് നദിയിൽ 1970-ൽ ഒരു അണക്കെട്ട് നിർമ്മിച്ചിരുന്നു .ഈ ഡാം ഡാന്യൂബ് നദി പതിക്കുന്ന കരിങ്കടൽ സൃഷ്ടിക്കുന്ന അപകടാവസ്ഥകളെയാണ് ശാസ്ത്രജ്ഞർ  പഠനവിഷയമാക്കിയത് .കടലിലെ നിരവധി ജീവജാലങ്ങൾ ചത്തൊടുങ്ങിയതായി കണ്ടെത്തി . മൽസ്യങ്ങൾക്കാണ് കൂടുതൽ നാശം സംഭവിച്ചത് .അണക്കെട്ട് നിർമ്മിക്കുന്നതിന് മുൻപ് ധാരാളം ധാതുലവണങ്ങൾ നദിയിലൂടെ കടലിൽ പതിച്ചിരുന്നു .മാത്രമല്ല മറ്റ് ജൈവ അവശിഷ്ടങ്ങൾ കടൽജീവജാലങ്ങൾ ആഹാരമായിരിക്കുന്നു .ഡാം വന്നതോടെ കരിങ്കടലിലെ ജീവജാലങ്ങൾ ഭക്ഷണം കിട്ടാതെ ചത്തൊടുങ്ങി തീരപ്രദേശങ്ങളിൽ മൽസ്യസമ്പത്ത് ഗണ്യമായ കുറയുകയും ചെയ്തു . കടലിൽ മാത്രമല്ല നദിയിലും ഇതിന്റെ വൻ പ്രത്യാഘാതമുണ്ടായി .അണക്കെട്ട് വന്നശേഷം നദിയിലെ സിലിക്കേറ്റ് എന്ന രാസവസ്തുവിന്റെ അളവ് കൂടുകയും ഇത് നദിയിലെ ജീവജാലങ്ങളെ പ്രതികൂലമായി ബാധിക്കുകയും ചെയ്തു നദിയുടെ രാസഘടനക്ക് മാറ്റം സംഭവിച്ചു .ഇത്രയും സിലിക്കേറ്റ് കടലിൽ എത്തേണ്ടതാണ് തന്മൂലം കടൽരാസഘടനയ്ക്കും വൻ മാറ്റം സംഭവിച്ചു

*DDSHS Karimpadam*

# നന്ദി

നന്ദിയെന്നത് വെറുതെ
കുറിക്കാനാവുന്നതല്ല .
എന്നാലും ഒരുപാട് പേരോട്
ആത്മാർത്ഥമായി നന്ദി
രേഖപ്പെടുത്തുന്നു.
ഈ പ്രവർത്തനത്തിന്
എന്നോടൊപ്പം
നിന്നവർക്കും
എല്ലാം ശുഭമാക്കിയ
സർവ്വേശ്വരനും
നന്ദി.........

*DDSHS Karimpadam*